യേണ്ടതു് ഈ പ്രശ്നത്തിന്റെ ശരിയായ രൂപവും പശ്ചാത്തലവും ബഹുജനങ്ങൾക്ക വിവരിച്ചുകൊടുക്കുകയാണു്, ധവളപത്രം തീർച്ചയായും ഇതിനു് ഉപകരിക്കും. അതുകൊണ്ടാണു് ജനങ്ങൾക്കു്, അവരവരുടെ ഭാഷയിൽ അതെത്തിച്ചുകൊടുക്കണമെന്നു് ആദ്യം പ്രസ്താവിച്ചതു്.

(29 ജൂലൈ, 1984)

## 22. അറിയപ്പെടാത്ത അമൃതസരസ്സ്

ഭിന്ദ്രൻവാലേയുടെ ഭീകരന്മാരും ഇന്ത്യൻ സേനയിലെ ജവാന്മാരും തമ്മിൽ നടന്ന രക്തരൂഷിതമായ ഏറ്റുമുട്ടലിന്റെ രംഗമെന്ന നിലയിൽ അമൃതസരസ്സ് ഇന്നു ചൂടുള്ള പത്രവാർത്തയാണു്. എങ്കിലും, പഞ്ചാബികൾ അല്ലാത്ത ഇന്ത്യാക്കാരുടെ ധാരണയിൽ, ഈ നഗരത്തിനുള്ളതു മതപരമായ പ്രാധാന്യം മാത്രമാകുന്നു. സുവർണക്ഷേത്രം പ്രധാനംതന്നെ. എന്നാൽ, ഏറെക്കുറെ തിരുവനന്തപുരം നഗരത്തിൽ പത്മനാഭസ്വാമിക്ഷേത്രത്തിനുള്ള സ്ഥാനമേ അമൃതസരസ്സ്നഗരത്തിൽ സുവർണക്ഷേത്രത്തിനുള്ളൂ. സാമ്പത്തികമായി വളർച്ച നേടിയ ഇന്ത്യൻസംസ്ഥാനങ്ങളിൽ പ്രഥമഗണനീയമായ പഞ്ചാബിന്റെ വ്യാവസായികതലസ്ഥാനമാണു് അമൃതസരസ്സ്. പഞ്ചാബിന്റെ ഔദ്യോഗിക തലസ്ഥാനം ചണ്ഡീഗഢ് ആണെങ്കിൽ, അമൃതസരസ്സ് ആ സംസ്ഥാനത്തിന്റെ അനൗദ്യോഗിക തലസ്ഥാനമായി അറിയപ്പെട്ടിരുന്നു. 1965–ലും 1971–ലും നടന്ന ഇന്ത്യാ–പാകിസ്ഥാൻ യുദ്ധങ്ങൾ ഈ അതിർത്തിനഗരത്തിന്റെ വ്യാവസായിക വളർച്ചയെ വളരെയൊന്നും ബാധിക്കുകയുണ്ടായില്ല. ഭിന്ദ്രൻവാലേയുടെ ഭീകരപ്രസ്ഥാനം ശക്തിയാർജ്ജിക്കുകയും, കൊള്ളകളുടെയും കൊലകളുടെയും പിടിച്ചുപറികളുടെയും ഫലമായി സംസ്ഥാനത്തിലെങ്ങും അരക്ഷിതാവസ്ഥ ഉളവാകുകയും ചെയ്യുംവരെ സമൃദ്ധിയുടേതായ അന്തരീക്ഷമായിരുന്നു അമൃതസരസ്സിൽ.

കമ്പിളി, പരുത്തിത്തുണി എന്നിവയുടെ നിർമാണത്തിൽ, ഉത്തരഭാരതത്തിലെ ഏററവും വലിയ കേന്ദ്രം അമൃതസരസ്സായിരുന്നു. അടുത്ത കാലത്തായി നൈലോൺ, റയോൺ മുതലായ കൃത്രിമ തുണിയിനങ്ങളും ഇവിടെ ധാരാളമായി ഉല്പാദിപ്പിച്ചുവന്നിരുന്നു. ഇന്ത്യയിൽ ആകെ നിർമിക്കുന്ന കമ്പിളിത്തുണിയുടെ തൊണ്ണൂറു ശതമാനവും ഉല്പാദിപ്പിച്ചിരുന്നതു് അമൃതസരസ്സിലാണു്. തുണിയിൽ പ്രിൻറിങ്, ഫിനിഷിങ് എന്നിവ നടത്തുന്ന വലിയതും ഇടത്തരവുമായ അറുപതോളം മില്ലുകൾ അമൃതസരസ്സിലുണ്ട്. മുപ്പതിനായിരത്തോളം ആളുകൾക്കു് ഈ മില്ലുകൾ തൊഴിൽ നൽകിവന്നു. അമൃതസരസ്സിൽ തുന്നൽപ്പണിയുള്ള ഷാളുകൾ മാത്രം, ആണ്ടുതോറും ഇരുപത്തഞ്ചുകോടി രൂപ വിലയ്ക്കു വിററിരുന്നു.

ഇക്കഴിഞ്ഞ രണ്ടു വർഷങ്ങളായി അമൃതസരസ്സിലെ തുണിയുല്പാദനം അറുപതു ശതമാനത്തിലേറെ കുറഞ്ഞിരിക്കയാണു്. വ്യാപാരവും ഏറെക്കുറെ ഇതേ അനുപാതത്തിലോ അധികമായോ തളർന്നുപോയിരിക്കുന്നു.

തുണിക്കുപുറമേ മോട്ടോർ സ്പെയർ പാർട്ടുകൾ, കാർഷികയന്ത്രങ്ങൾ, അച്ചടിയന്ത്രങ്ങൾ, അലോപ്പതി–ആയുർവേദമരുന്നുകൾ, ചായങ്ങൾ, സോപ്പ്, ഭക്ഷ്യപദാർത്ഥങ്ങൾ, പൗഡർപോലെയുള്ള പ്രസാധനവസ്തു

ക്കൾ മുതലായവയുടെ നിർമാണത്തിലും അമൃതസരസ്സ് മുൻപന്തിയിലായിരുന്നു. തുണി, ചായ, ഉണക്കിയ പഴങ്ങൾ, ആയുർവേദത്തിലെ പച്ചമരുന്നുകൾ, ധാന്യങ്ങൾ, തോൽ എന്നിവയുടെ മൊത്തക്കച്ചവടത്തിന്റെ വലിയ ഒരു കേന്ദ്രമായിരുന്നു ഈ നഗരം. അമൃതസരസ്സിലെ വ്യവസായങ്ങൾ ആകെ ഏഴു ലക്ഷത്തോളം ആളുകൾക്കു തൊഴിൽ നൽകിയിരുന്നു.

പഞ്ചാബിൽ കൃഷി മിക്കവാറും സിഖ്കാരുടെ കൈവശമാണ്. അതേസമയം അവിടത്തെ വ്യാപാരത്തിൽ എൺപതു ശതമാനത്തോളം ഹിന്ദുക്കളുടേതാകുന്നു. ഭീകരപ്രസ്ഥാനത്തിന്റെയും വിഘടനവാദത്തിന്റെയും ഫലമായി അമൃതസരസ്സിൽ തങ്ങൾക്കു ഭാവിയില്ലെന്നു തോന്നുന്നതിനാൽ ഹിന്ദുക്കൾ വലിയ തോതിൽ തങ്ങളുടെ പ്രവർത്തനം ദില്ലിയിലേക്കോ ഉത്തരേന്ത്യയിലെ മററു നഗരങ്ങളിലേക്കോ മാററിക്കൊണ്ടിരിക്കുകയാണ്. ഇതുനിമിത്തം അമൃതസരസ്സിന്റെ സാമ്പത്തികമേഖലയ്ക്ക് ഉണ്ടായിട്ടുള്ള കോട്ടം കുറച്ചൊന്നുമല്ല. കഴിഞ്ഞ രണ്ടു വർഷങ്ങളായി അമൃതസരസ്സിലും പരിസരങ്ങളിലും പുതിയ ഒരു വ്യവസായവും ആരംഭിച്ചിട്ടില്ല. നല്ല നിലയിൽ നടന്നുവന്നിരുന്ന പല വ്യവസായങ്ങളും അടച്ചുപൂട്ടിയിട്ടുമുണ്ട്. ജീവിതത്തിനും സ്വത്തിനും ഭദ്രത വാഗ്ദാനം ചെയ്യാൻ സർക്കാരിനു കഴിയാതിരുന്നതാണ് ഈ സ്ഥിതിവിശേഷത്തിനു കാരണം.

വ്യവസായം തകരുമ്പോൾ ഗതാഗതം അഭിവൃദ്ധിപ്പെടുക സാദ്ധ്യമല്ലല്ലോ. വലിയ ഒരു മോട്ടോർവാഹന ഗതാഗതകേന്ദ്രമായിരുന്ന അമൃതസരസ്സിൽ ഗതാഗതം അമ്പേ മന്ദിച്ചിരിക്കുകയാണ്. സൈനികപ്രവർത്തനത്തിനു മുമ്പുതന്നെ സെക്കൻഡ്ഹാൻഡ് ട്രക്കുകളുടെ വില നാലിലൊന്നായി കുറഞ്ഞിരുന്നുവത്രെ. ട്രക്കുകളുടെ വാടകയും പകുതിയായിരിക്കുന്നു. അവിടെ മോട്ടോർവാഹനത്തൊഴിലാളികളിലധികവും തൊഴിലില്ലാത്തവരാണ് ഇന്ന്.

അമൃതസരസ്സ് ഒരു വിനോദസഞ്ചാരകേന്ദ്രമായതിനാൽ ഹോട്ടൽ–റസ്റ്റോറൻറ് വ്യവസായം അവിടെ വളരെ അഭിവൃദ്ധിപ്പെട്ടിരുന്നു. എന്നാൽ, ഇക്കഴിഞ്ഞ രണ്ടു വർഷമായി ഈ വ്യവസായത്തിൽനിന്നുള്ള വരുമാനം എഴുപതു മുതൽ തൊണ്ണൂറുവരെ ശതമാനം കുറഞ്ഞിരുന്നു. ഇതോടൊപ്പം ടാക്സിക്കാരുടെ കൊററും മുടങ്ങിയിരിക്കുന്നു.

ഉത്തരഭാരതത്തിലെ ബീഹാർ, ഉത്തർപ്രദേശ്, മദ്ധ്യപ്രദേശ്, ജമ്മു—കാശ്മീർ മുതലായ സംസ്ഥാനങ്ങളിൽനിന്നും നേപ്പാളിൽനിന്നും എഴുപതിനായിരത്തോളം തൊഴിലാളികൾ ആണ്ടിൽ ഏതാനും മാസം പഞ്ചാബിൽ വന്നു ജോലിനോക്കി തിരിച്ചുപോകാറുണ്ട്. പഞ്ചാബികൾ കൃഷിപ്പണിക്കു മുഖ്യമായും ആശ്രയിച്ചിരുന്നതു് ഈ 'നാടോടിത്തൊഴിലാളികളെ'യാണ്. അകാലികളുടെ പ്രക്ഷോഭണത്തെത്തുടർന്നു ജീവിതം അരക്ഷിതമായിത്തീർന്നതിനാൽ, ആവശ്യമുള്ളത്ര തൊഴിലാളികളെ പഞ്ചാബിൽ കിട്ടാതായിട്ടുണ്ട്. കൃഷിപ്പണികൾ വേണ്ടകാലത്തു നടക്കാതിരിക്കുകയും, നടക്കുന്ന പണിക്കുതന്നെ ചെലവു നാലും അഞ്ചും ഇരട്ടിയാകുകയുമാണ് ഇതിന്റെ ഫലം.

വ്യവസായത്തിൽ വന്ന മാന്ദ്യം ഗവൺമെൻറിന്റെ മുതലെടുപ്പിലും പ്രതിഫലിക്കുമല്ലോ. 1983–ൽ മുൻവർഷങ്ങളെ അപേക്ഷിച്ച് പഞ്ചാബിൽനിന്നുള്ള ഇൻകം–ടാക്സ് വരുമാനത്തിൽ മുപ്പതു കോടി രൂപ കുറവുണ്ടായി. പഞ്ചാബ് പ്രക്ഷോഭണത്തിൽനിന്നു രാഷ്ട്രത്തിന് ആകെയുണ്ടായ നഷ്ടം, സൈനികനടപടികൾക്കു മുമ്പുതന്നെ, പതിനായിരം കോടി രൂപയിൽ കവിഞ്ഞിരുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

പഞ്ചാബിൽ വിദ്യാഭ്യാസം സ്തംഭിച്ചിരിക്കുകയാണ്. വിദ്യാലയ

ങ്ങൾ അടഞ്ഞു കിടക്കുന്നു. സർവകലാശാലകളിൽ പരീക്ഷകൾ നടക്കുന്നില്ല.

ജീവനാണല്ലോ മുഖ്യം. അതിന് ഉറപ്പില്ലെങ്കിൽ, സാമ്പത്തികമോ, രാഷ്ട്രീയമോ, സാംസ്കാരികമോ ആയ വല്ല പ്രവർത്തനവും നടക്കുമോ?

(19 ജൂലൈ, 1984)

# 23. പഞ്ചാബിൽ ദൃഢത

പഞ്ചാബിൽ ഇനി എന്ത്?

ജൂലൈ 25, 26 തീയതികളിൽ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയും ഗൃഹമന്ത്രി ശ്രീ നരസിംഹറാവുവും പാർലമെൻറിൽ ചെയ്ത പ്രസ്താവനകളിൽനിന്ന്, പഞ്ചാബിലെ ഭീകരപ്രസ്ഥാനത്തെ അടിച്ചമർത്തുവാൻ കേന്ദ്രഗവണ്മെൻറ് ദൃഢനിശ്ചയം ചെയ്തിരിക്കുകയാണെന്ന് വ്യക്തമായിട്ടുണ്ട്. സുവർണക്ഷേത്രപരിസരങ്ങളിൽനിന്നോ പഞ്ചാബിൽനിന്നു മുഴുവനായോ പട്ടാളത്തെ അടുത്തൊന്നും പിൻവലിക്കുമെന്നു കരുതേണ്ടതില്ല. അകാലിനേതാക്കളെ തടങ്കലിൽനിന്നു മോചിപ്പിക്കുകയോ അവരുമായി രാഷ്ട്രീയസംഭാഷണങ്ങൾ ആരംഭിക്കുകയോ ഉണ്ടാവില്ല. പട്ടാളനടപടിയ്ക്കിടയിൽ തകർന്നുപോയ അകാൽതഖ്തിൽ നിഹാംഗ് തലവനായ ബാബാ സന്തസിംഹ് ആരംഭിച്ചിട്ടുള്ള 'കാർസേവ' —ശ്രമദാന പ്രവർത്തനം—തുടർന്നുപോവും. ശിരോമണി ഗുരുദ്വാരാ പ്രബന്ധക് സമിതി രൂപവല്കരിക്കുന്നതിന് ആസ്പദമായ നിയമം ഭേദഗതിചെയ്യാനും സാദ്ധ്യതയുണ്ട്.

ഗവണ്മെൻറുമായി പ്രയോജനകരമായ ഏതെങ്കിലും സംഭാഷണത്തിലേർപ്പെടാൻ അകാലികൾ ഇപ്പോഴും തയ്യാറല്ല. കേന്ദ്രഗവണ്മെൻറ്, ഫലത്തിൽ ഇല്ലാതാവണമെന്നും, പഞ്ചാബിനുപുറമെ ഹരിയാനയിലെയും ഹിമാലയപ്രദേശിലെയും ദൽഹിയിലെയും മററും (ഏതെല്ലാം സ്ഥലങ്ങളെന്ന് അകാലികൾ ഇനിയും വ്യക്തമാക്കിയിട്ടില്ല. എപ്പോൾ വേണമെങ്കിലും മാററാവുന്ന വിധത്തിൽ അത് അവ്യക്തമായി വിട്ടിട്ടേ ഉള്ളൂ.) സ്ഥലങ്ങൾ ഉൾപ്പെടുത്തി ഒരു സിഖ് സ്റ്റേററ് വിപുലമായ അധികാരങ്ങളോടെ സ്ഥാപിക്കണമെന്നും ആവശ്യപ്പെടുന്ന 'ആനന്ദ്പുർ സാഹിബ്' പ്രമേയത്തിലാണ് അവർ ഇപ്പോഴും ഊന്നിനിൽക്കുന്നത്. സുവർണക്ഷേത്രത്തെയും മററു ഗുരുദ്വാരകളെയും ആയുധപ്പുരകളും ഭീകരപ്രവർത്തനകേന്ദ്രങ്ങളുമാക്കി മാററുന്നതിനു കൂട്ടുനിന്ന ശിരോമണി ഗുരുദ്വാരാപ്രബന്ധക് സമിതിക്ക് ഈ മതസ്ഥാപനങ്ങളെ തിരിച്ചേൽപ്പിച്ചു കൊടുത്തു സൈന്യം അവിടെനിന്നെല്ലാം ഉടൻ പിന്മാറണമെന്നതാണ് അവരുടെ ആവശ്യം. സുവർണക്ഷേത്രപരിസരത്തിൽനിന്നു സൈന്യം പിന്മാറുംവരെ, അകാൽതഖ്തിൻെറ അററകുററപ്പണികൾ നടത്തരുതെന്ന് അവർ ശഠിക്കുന്നു. ഒരിക്കലും അററകുററപ്പണികൾ നടത്താതെ പരേതനായ ഭിന്ദ്രൻവാലയുടെ സ്മാരകമായി, ശവകുടീരമായി, തകർന്ന അകാൽതഖ്ത് അങ്ങനെതന്നെ സൂക്ഷിക്കുകയും, അതുവഴി സിഖ്കാരുടെ രോഷം കേന്ദ്രഗവണ്മെൻറിനെതിരെ സ്ഥിരമായി ജ്വലിപ്പിച്ചുനിർത്തുകയുമായിരുന്നു അവരുടെ ലക്ഷ്യമെന്നും ഏറെക്കുറെ വ്യക്തമായിട്ടുണ്ട്. അററകുററപ്പണികൾ ഏറെറടുത്ത ബാബയ്ക്ക് അവർ മതഭ്രഷ്ടും വിലക്കും കല്പിച്ചിരിക്കുന്നു. അററകുററപ്പണികൾ നടത്താൻ മുന്നിട്ടുവന്ന വൃദ്ധനായ ബാബാ